26.08.2008

All Kerala Press Release

***Ref:*** *189/KCBC/K-6/KPR/DS*

## കേരളത്തിൽ കത്തോലിക്ക വിദ്യാഭ്യാസസ്ഥാപനങ്ങൾ 29 വെള്ളിയാഴ്ച അടച്ചിടും: കെ.സി.ബി.സി.

കൊച്ചി: ഒറീസയിൽ പീഡനത്തിന് ഇരയായികൊണ്ടിരിക്കുന്ന ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും മതതീവ്രവാദികൾ അഴിച്ചുവിടുന്ന ക്രൂരമായ അക്രമസംഭവങ്ങളൊടുള്ള പ്രതിഷേധ സൂചകമായും ഭാരത കത്തോലിക്ക മെത്രാൻ സമിതി ആഹ്വാനം ചെയ്തതനുസരിച്ച് കേരളത്തിലെ കത്തോലിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2008 ആഗസ്റ്റ് 29-ാം തീയതി വെള്ളിയാഴ്ച അടച്ചിടും. സഭയുടെ കീഴിലുള്ള മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ICSE, CBSE സ്ക്കൂളുകൾ ഉൾപ്പടെ എല്ലാ സ്ക്കൂളുകളും അടച്ചിടാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേക്കായി സർക്കാരിന്റെ പൊതു അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ മാത്രമാണ് ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുക. വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുന്ന അധ്യയന ദിവസത്തിന് പരകമായി മറ്റൊരു അവധി ദിനത്തിൽ ക്ലാസുകളെടുക്കും. സംസ്ഥാന സർക്കാർ അനുമതി നിരാകരിക്കുകയാണെങ്കിൽ അന്നേ ദിവസം പ്രാർത്ഥനാദിനമായി ആചരിച്ച് പീഡിപ്പിക്കപ്പെടുന്ന ഒറീസയിലെ ക്രൈസ്തവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ കേരള കത്തോലിക്ക മെത്രാൻ സമിതി തീരുമാനിച്ചു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.